കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്: കാസർഗോഡ്

റാങ്ക് ലിസ്റ്റ് നമ്പർ : 406/14/ഡി.ഒ.ബി — കാസർഗോഡ്,
കാറ്റഗറി നമ്പർ : 01/2014 — തീയതി: 30.06.2014.

# വിജ്ഞാപനം

കാസർഗോഡ് ജില്ലയിൽ വനം വകുപ്പിൽ 8500-13210/- രൂപ ശമ്പള നിരക്കിൽ ട്രൈബൽ വാച്ചർ (കാറ്റഗറി നമ്പർ: 01/2014, ഗസറ്റ് തീയ്യതി : 05.02.2014) വനത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന ആദിവാസികൾക്ക് വേിയുള്ള പ്രത്യേക നിയമന പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ 17.03.2014 മുതൽ 19.03.2014 വരെ നടത്തിയ അഭിമുഖത്തിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു.

റാങ്ക് പട്ടിക പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്നു.

ഈ റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരി ക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് പുതിയൊരു റാങ്ക് പട്ടിക പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ റാങ്ക് ലിസ്റ്റിന് പ്രാബല്യമു ായിരിക്കുന്നതല്ല. ജില്ലയിൽ ട്രൈബൽ വാച്ചർ തസ്തികയുടെ തെരഞ്ഞെടുപ്പിലേയ്ക്കായി ഇപ്പോൾ നിലവിലുള്ള ഒഴിവുകളിലേയ്ക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് വനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗക്കാരായ ആദിവാസികൾക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഈ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നടത്തുന്നത് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലായതിനാൽ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കണമെന്നില്ല. റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുമ്പോൾ ഈ പട്ടികയിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അവർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ മാത്രം നിയമനത്തിന് യാതൊരു അവകാശവും ഉായിരിക്കുന്നതല്ല.

(മറുപുറം)

നിയമനം വേണ്ടെന്നുവെയ്ക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അതിനുള്ള അവകാശം ഉായിരിക്കുന്നതാണ്. ഇങ്ങനെയുള്ള ഉദ്യോഗാർത്ഥികൾ നിയമിക്കപ്പെടാനുള്ള അവകാശം വേണ്ടെന്നുവയ്ക്കുന്നു എന്ന് എഴുതിയ അപേക്ഷ സംസ്ഥാന/കേന്ദ്ര ഗവൺമെന്റ് സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോട് കൂടി (ടി ഉദ്യോഗസ്ഥന്റെ പേരും ഒപ്പും പദവിയും ഓഫീസ് സീലും പതിച്ചിരിക്കണം) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം. ഉദ്യോഗാർത്ഥി നിയമന ശിപാർശചെയ്യപ്പെടാൻ അർഹമാകുന്ന ഒഴിവുകൾ ഈ ആഫീസിൽ അറിയിക്കപ്പെടുന്ന തീയ്യതിയിലോ അതിനുമുമ്പോ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം പരിഗണിക്കുകയുള്ളു.

(ഉത്തരവിൻപ്രകാരം)

പ്രകാശൻ കൂനേരി
ജില്ലാ ഓഫീസർ
കെ.പി.എസ്.സി.ജില്ലാഓഫീസ് കാസർഗോഡ്.

എസ്.വി